സ്റ്റുഡന്റ് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി

247 (2075) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിണറായി എ.കെ.ജി. മെമ്മോറിയൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിലേക്കായി ലഭിച്ച അപേക്ഷകൾ 10-7-2015-ന് ചേർന്ന സംസ്ഥാനതല ഉപദേശക സമിതി പരിശോധിക്കുകയും പ്രസ്തുത യോഗതീരുമാന പ്രകാരം തയ്യാറാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

ഡിറ്റക്ടീവ് ഏജൻസികൾ

248 (2076) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര സ്ഥാപനങ്ങൾ ; എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നവരിൽ റിട്ടയേർഡ് പോലീസ് ഓഫീസർമാരോ, സർവ്വീസിലുള്ള പോലീസുകാരോ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയമ സാധുതയുണ്ടോയെന്നും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എൻ. ഒ . സി . നൽകുന്നുണ്ടോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെ 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ 9 സ്ഥാപനങ്ങൾ എറണാകുളം സിറ്റിയിലും ഒരു സ്ഥാപനം കോഴിക്കോട് സിറ്റിയിലും പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവാഹം, തൊഴിൽ, സാമ്പത്തിക സ്രോതസ്സ്, കുടുംബപശ്ചാത്തലം തുടങ്ങിയ വിവരങ്ങൾ, വ്യക്തികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും മറ്റും ആവശ്യപ്രകാരം അന്വേഷിച്ച് കൈമാറുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നതായി അറിയുന്നു. കൂടാതെ Pre Job Verification, കാണാതായ ആളുകളെക്കുറിച്ചുള്ള അന്വേഷണം, വാഹന അപകടക്കേസുകളിൽ ഇൻഷ്വറൻസ് കമ്പനിക്കാവശ്യമായ അന്വേഷണം, ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് അവ അടയ്ക്കാത്തവരെ കുറിച്ചുള്ള അന്വേഷണം, മെഡിക്കൽ ക്ലെയിം തുടങ്ങിയവയെ സംബന്ധിച്ചുള്ള അന്വേഷണവും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നതിൽ റിട്ടയേർഡായ 27 പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ, സർവ്വീസിലുള്ള പോലീസുകാർ ആരുംതന്നെ പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും NOC നൽകുന്നില്ല.

അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങളിലുള്ള പങ്ക്

249 (†2077) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കവർച്ച, പിടിച്ചുപറി, കൊലപാതകം, മാനഭംഗം എന്നീ കേസുകളിൽ ഇവർക്കുള്ള പങ്ക് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിയ്ക്കുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കവർച്ച, പിടിച്ചുപറി, കൊലപാതകം, മാനഭംഗം എന്നീ കേസ്സുകളിൽ ഇവർക്കുള്ള പങ്ക് നിയന്ത്രിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതരസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. ഈ രജിസ്റ്ററിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിലാസം, ഫോട്ടോ, ഫിംഗർ പ്രിന്റ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ വിവരങ്ങൾ, ഈ തൊഴിലാളികളുടെ കോൺട്രാക്ടർമാരുടെ വിവരങ്ങൾ എന്നിവ കൃത്യമായും രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. കൂടാതെ ഇത്തരക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ പട്രോളിംഗ്, ബീറ്റ്ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly